**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആരോഗ്യവകുപ്പ് - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2020 കരട് പട്ടിക - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. ഉത്തരവ് നം. 3/2017/ഉ.പ.ഭ.വ. തീയതി 25/02/2017
2. സഉ (സാധാ) നം. 480/2020/ആ.കു.വ. തീയതി 03/03/2020
3. സഉ (സാധാ) നം. 1336/2020/ആ.കു.വ. തീയതി 22/07/2020

**ഉത്തരവ് നമ്പർ ഇ.എ2-62808/2020/ആ.വ.ഡ, തീയതി: 25/08/2020**

2020-ലെ മാനദണ്ഡ അടിസ്ഥാത്തിലുള്ള പൊതുസ്ഥലംമാറ്റത്തിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലെ സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് സംബന്ധിച്ച ആക്ഷേപങ്ങൾ 08-09-2020 വൈകുന്നേരം 05.00 മണിയ്ക്കുള്ളിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. പരാമർശം (1) ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന പരിഗണനകൾ സംബന്ധിച്ചതും കോടതി പരാമർശം സംബന്ധിച്ചതുമായ പരിരക്ഷകളെ സംബന്ധിച്ച ആക്ഷേപങ്ങൾക്ക് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ/ ഉത്തരവുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപ്പീലിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ തങ്ങൾക്ക് ലഭിക്കുന്ന അപ്പീലുകൾ പരിശോധിച്ച് പരിഗണന അർഹിക്കുന്നവ അഭിപ്രായ കുറിപ്പോടുകൂടി 14-09-2020 വൈകുന്നേരം 05.00 മണിയ്ക്കുള്ളിൽ പ്രത്യേക ദൂതൻ മുഖേന ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

നിശ്ചിത തീയതിക്കു ശേഷം ലഭിക്കുന്ന അപ്പീലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ യഥാസമയം അപ്പീലുകൾ സമർപ്പിക്കാത്തതു കാരണം അന്തിമ സ്ഥലംമാറ്റ പട്ടികയിൽ നിന്ന് ഏതെങ്കിലും ജീവനക്കാർ ഒഴിവാക്കപ്പെടുകയാണെങ്കിൽ ആയത് സംബന്ധിച്ച പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്കായിരിക്കും

ഒപ്പ്
ഡോ. സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

| Government of Kerala<br>Department: Health Services<br>Norms Based General Transfer for Deputy Director of Health Services<br>Draft Report for Verification | | | | | |
|---|---|---|---|---|---|
| Sl. No | PEN | Name | Designation | Office Transfered from | Office Transfered to |
| 1 | 592433 | Dr. Ummer Farooq | Superintendent | General Hospital Kozhikode | Additional DMO, District Medical Office Kozhikode |
| 2 | 671826 | Dr. Peeyush M . | Superintendent | General Hospital Thalassery Kannur | General Hospital Kozhikode (Vice Dr. Ummer Farooq) |
| 3 | 592596 | Dr. Ashadevi | Superintendent | Additional DMO, District Medical Officer of Health Kozhikode | Superintendent General Hospital Thalassery, Kannur |

25/8/2020

Director of Health Services